പതിനാലാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 601 | 08.08. 2017 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി.യിൽ ക്യാഷ് ഡെപ്പോസിറ്റ് മിഷ്യനുകൾ**

ചോദ്യം | ഉത്തരം

ശ്രീ.റോഷി അഗസ്റ്റിൻ

"മോൻസ് ജോസഫ്

" സി.എഫ്.തോമസ്

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.യിൽ ക്യാഷ് ഡെപ്പോസിറ്റ് മിഷ്യനുകൾ സ്ഥാപിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കെ.എസ്.ഇ.ബി. എന്തൊക്കെ ഹൈടെക്ക് സൗകര്യങ്ങളാണ് പുതിയതായി നടപ്പിൽ വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി ലിമിറ്റഡ് താഴെപ്പറയുന്ന സൗകര്യങ്ങൾ പുതിയതായി നടപ്പിൽ വരുത്തിയിട്ടുണ്ട്.<br>(1) വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.<br>(2) വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ് മുഖേന എത്തിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി<br>(3) സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.<br>(4) പുതിയ കണക്ഷനു വേണ്ടി ഉപഭോക്താക്കളിൽ നിന്നു ഓൺ ലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.<br>(5) വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ് വെയർ സംവിധാനം.<br>(6) പേ.റ്റി.എം (പേ ത്രൂ മൊബൈൽ), എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.<br>(7) അപ്പാ സി.എസ്.സി എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.<br>(8) WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം ... |

| | |
|---|---|
| | 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.<br>(9) കെ.എസ്.ഇ.ബി ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിനു വേണ്ടിയും മറ്റൗദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമാനെറ്റ് ബില്ലിംഗ് സോഫ്റ്റ് വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.<br>(10)പുന; സംഘടിപ്പിച്ച ത്വരിത ഊർജ്ജിത ഊർജ്ജ വികസന നവീകരണ പദ്ധതിയുടെ (ആർ.എ.പി.ഡി.ആർ.പി) പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള ഐ.ടി ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ് വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ് അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ